(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 2104/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം

തിരുവനന്തപുരം

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

തീയതി : 09.12 .2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികൾക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.1/2104/2016 തീയതി: 09.12.2016

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.05.2016 തീയതി മുതൽ 20.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| മാന്വൽ - ബുക്ക് നം. 52489 | 45 |
| സാംഖ്യ | 1581 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ എ.ജമാലുദ്ദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം : | 21.10.2016 മുതൽ 31.10.2016വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഗോപകുമാർ.ബി, ഓഡിറ്റ് ഓഫീസർ |
| | : | ജസ്റ്റിൻ രാജ്.എഫ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ബിന്ദുലത.ബി.പി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ.ഷെർലൊക്ക് ഡാനി.ഡി.എൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് :<br>സെക്രട്ടറി | ശ്രീ.സി. റാബി. :<br>ശ്രീമതി.ലതാ ഷിജു. :<br>ശ്രീ.വിഷ്ണു നമ്പൂതിരി<br>ശ്രീ. ശ്രീകുമാരൻ നായർ | 01/04/2015മുതൽ 31/10/2015വരെ<br>18/11/2015മുതൽ 31/03/2016വരെ<br>: 01/04/2015മുതൽ 01/05/2015വരെ<br>: 02/05/2015മുതൽ26/07/2015വരെ |

| | | |
|---|---|---|
| | ശ്രീ. തുളസീധരൻ നായർ | : 27/07/2015മുതൽ31/03/2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.കൃഷ്ണകുമാരി.ആർ | 01/04/15മുതൽ 31/03/16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>എ സർക്കിൾ | ശ്രീ. വിനോദ് | 01/04/15മുതൽ 31/03/16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>എ സർക്കിൾ | ശ്രീ. വിനോദ് | 01/04/15മുതൽ 31/03/16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബി സർക്കിൾ | ശ്രീ. ബി. ആനന്ദ് ശങ്കർ | 01/04/15മുതൽ 31/03/16വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ഷീബ എഡ്വേർഡ്<br>ശ്രീമതി. അനിത | 01/04/15 മുതൽ 13/01/16 വരെ<br>14/01/16 മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ലിനിറ്റ പി. മെർലിൻ | 01/04/15മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാധികാ റാണി | 01/04/15മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം)) | ഡോ. ഷൈൻ | 01/04/15മുതൽ 31/03/16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. വസന്തകുമാരി<br>ശ്രീമതി. ജയറാണി<br>ശ്രീമതി. കൃഷ്ണകുമാരി | 01/04/15മുതൽ 02/06/15 വരെ<br>03/06/15 മുതൽ 19/09/15വരെ<br>20/09/15മുതൽ<br>31/03/2016വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജയ്. എൽ ഹാർഡിൻ | 01/04/15മുതൽ 31/03/16വരെ |
| വെറ്റിനറി സർജൻ | ശ്രീ.ഗോപകുമാർ | 01/04/15മുതൽ 31/03/16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. തുളസീധരൻ ജി. | 01/04/15മുതൽ31/03/16വരെ |

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഉടമസ്ഥാവകാശം തെളിയിക്കാനാവാത്തതിനാൽ നഷ്ടപരിഹാരം ലഭിച്ചില്ല | 2-1 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 | |
| 14 | ഡി.&ഒ. ലൈസൻസ് ഈടാക്കുന്നതിൽ കുറവ് | 2-3 | |
| | ഭാഗം 3 | | |
| 15 | ചെറുകിട കച്ചവടം - സർക്കാർ ഫണ്ട് ദുർവിനിയോഗം. | 3-1 | |
| 16 | വെൺകുളം നവീകരണം - കൂടുതൽ അന്വേഷണം അനിവാര്യം. | 3-2 | |
| 17 | 60വയസ്സ് തികയാത്ത വ്യക്തിക്ക് കർഷകതൊഴിലാളി പെൻഷൻ നൽകിയിരിക്കുന്നു | 3-3 | |
| 18 | പ്രായപരിധി കഴിഞ്ഞവർക്കും തൊഴിൽരഹിത വേതനം നൽകി - 720/- രൂപ തിരികെ ഈടാക്കണം | 3-4 | |
| 19 | പ്രാഥമിക പരിസ്ഥിതി സംരക്ഷണം പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ | 3-5 | |
| 20 | പത്രപരസ്യങ്ങൾ നൽകൽ കിഴിവ് വാങ്ങുന്നില്ല. | 3-6 | |
| 21 | ക്ഷേമപെൻഷനുകൾ അനുവദിക്കുന്നത് നടപടിക്രമത്തിൽ വീഴ്ചകൾ | 3.7 | |
| 22 | ഫയൽ പരിപാലനം അപാകതകൾ | 3.8 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | തീരുമാനം നം.1/30.03.2015 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 2,17,59,517/-
വരവ് : 5,42,16,055/-
ആകെ : 7,59,75,572/-
ചെലവ് : 6,37,38,655/-
നീക്കിയിരിപ്പ് : 1,22,36,917/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1496982 | 8189740 | 85257 | 14359749 | 14359749 | 0 | 100 |
| വികസനഫണ്ട് | 675831 | 3545756 | - 45831 | 4175756 | 4175756 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 9000 | 0 | -9000 | 0 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 84254 | 8189740 | - | 8273994 | 8273994 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 189869 | 4482037 | - | 4671906 | 4671906 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 564535 | 5845328 | -30238 | 6379625 | 6379625 | 0 | 100 |
| *എം.എൻ.ആർ ഇ.ജി. എസ്. | 154762 | 35196851 | - | 35351613 | 35325405 | 26208 | 99.93 |
| ബി ഫണ്ട് | 0 | 39581120 | - | 39581120 | 39581120 | 0 | 100 |
| കെ.എൽ.ജി എസ്.ഡി.പി. | 4743188 | 0 | -188 | 4743000 | 4743000 | 0 | 100 |
| ഐ.സി.ഡി.എസ്. | 8457 | 385879 | - | 394336 | 394336 | 0 | 100 |
| ശുചിത്വമിഷൻ | 682369 | 0 | - | 682369 | 0 | 682369 | 0 |
| സാക്ഷരത | 18131 | 66697 | - | 84828 | 65200 | 19628 | 77 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 1863171 | - | 1863171 | 1863171 | 0 | 100 |

* എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ 2015-16 ലെ ഇ.എഫ്.എം.എസ്. വരവ് 3,45,85,000/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ ഇത് 3,58,15,000/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 79130227 | 156 | 51579421 | - | 43 | 76.09 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 819480 | 787730 | -31750 | -4 |
| കെട്ടിട നികുതി | 2400865 | 1336724 | -1064141 | -44 |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | 2000 | - | -2000 | -100 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 3854051 | 241998 | -3612053 | -94 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | - | - | - | |
| ഡി & ഒ ലൈസൻസ് | 31925 | 45800 | 13875 | 43 |
| മറ്റുവരവുകൾ | 646762 | 472041 | -174721 | -27 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1285600 | 1446 |
| കർഷകതൊഴിലാളി പെൻഷൻ | 11223660 | 13858 |
| വിധവാപെൻഷൻ | 8117120 | 7474 |
| വാർദ്ധക്യകാലപെൻഷൻ | 11567520 | 14049 |
| വികലാംഗപെൻഷൻ | 6634060 | 6021 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 330000 | 11 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 423160 | 392 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

21-10-2016 ന് 10.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,205/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായിരുന്ന 'വെൺകുളം' നവീകരണ പദ്ധതി പാളിയതിനെ തുടർന്ന് പരിതാപകരമായ അവസ്ഥയിലാണ്. കുളം നവീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ ജലസ്രോതസ്സിനെ പുനരുജ്ജീവിപ്പിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഫീസ് വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടില്ല. സ.ഉ.(കൈയെഴുത്ത്) നം.170/07 തീയതി 30.06.07 അനുസരിച്ച് പഞ്ചായത്തു വക വാഹനങ്ങളിൽ ഫുൾടാങ്ക് ഡീസൽ തന്നെ നിറയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വാഹനത്തിൽ ഫുൾടാങ്ക് ഡീസൽ നിറയ്ക്കുന്നില്ല. ഫുൾടാങ്ക് ഡീസൽ തന്നെ നിറയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെറുകിടകച്ചവടം പദ്ധതികളുടെ നിർവഹണാധികാരിയായ വി.ഇ.ഒ. യുടെ ക്യാഷ് ബുക്ക് പരിപാലനം തൃപ്തികരമല്ല. കൂടാതെ സബ്സിഡി അനുബന്ധിത പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/10/2016 | 9/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/04/2004 - 05/05/2004 | 1997-98 to 2003-04 | 05.07.2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉടമസ്ഥാവകാശം തെളിയിക്കാനാവാത്തതിനാൽ നഷ്ടപരിഹാരം ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ പുതുപ്പുരയ്ക്കൽ വാർഡിൽ പ്രവർത്തിച്ചിരുന്ന 111-ാം നമ്പർ അംഗൻവാടി സ്ഥിതി ചെയ്തിരുന്ന സ്ഥലം കഴക്കൂട്ടം - കാരോട് ബൈപാസ് റോഡിനായി ഏറ്റെടുക്കുകയുണ്ടായി. BC 48റീസർവ്വേ 476/30 സർവേ നമ്പറിൽ പെട്ട 1 ആർ 21ച.മീ. വിസ്തീർണ്ണമുള്ള ഈ സ്ഥലം 'പൂവൻകാവിള ശാരദാ മന്ദിരത്തിൽ ശുഭ'യുടെ കൈയിൽ നിന്നും പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിനാൽ റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരം നേടിയെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല.

നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് സ്പെഷ്യൽ ഡെപ്യൂട്ടി കലക്ടർ, എൽ.എ.(എൻ.എച്ച്.) ന് സെക്രട്ടറി 29/10/2015 ലെ എ2-5426/15 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചതിന് മറുപടിയായി ടി ഭൂമിയിന്മേൽ പഞ്ചായത്തിനുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കുന്നത് സംബന്ധിച്ച ആധികാരിക രേഖകൾ ഹാജരാക്കാൻ

സ്പെഷ്യൽ തഹസീൽദാർ, എൽ.എ.എൻ.എച്ച്.2 അറിയിച്ചു (ലെറ്റർ നം. എ2-151/10 തീയതി 20.04.2016). എന്നാൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും തുടർനടപടികളൊന്നും സ്വീകരിക്കാത്തതിനാൽ ഈ വസ്തുവിന്റെ നഷ്ടപരിഹാരതുക കോടതിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ തഹസീൽദാർ, എൽ.എ.എൻ.എച്ച്.2 സ്വീകരിച്ചു (ലെറ്റർ നം. എ2-151/10 തീയതി 31.05.2016). തുടർന്ന് ഈ വസ്തുവിന്മേലുള്ള പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കണമെന്ന് കാരോട് വില്ലേജ് ഓഫീസറോട് അഭ്യർത്ഥിച്ചു. എന്നാൽ പ്രസ്തുത ഭൂമി അംഗൻവാടിക്ക് വിട്ടു കൊടുത്തിട്ടുള്ളതായി മാത്രമേ വില്ലേജിൽ രേഖയുള്ളൂവെന്നാണ് വില്ലേജ് ഓഫീസർ അറിയിച്ചത്.

വില കൊടുത്തു വാങ്ങിയ ഭൂമി യഥാസമയം പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ പേരിൽ പട്ടയം പിടിക്കാൻ വീഴ്ച വന്നതിനാലാണ് റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭിക്കാൻ സാധിക്കാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിച്ച് നഷ്ടപരിഹാരം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. എന്നാൽ താഴെപറയുന്ന ജീവനക്കാരിൽ നിന്നും ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാത്തതു കാരണം 800/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

| പേരും തസ്തികയും | സ്ഥാപനം | അർദ്ധവർഷ വരുമാനം I | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|---|
| റീന സി, ഓഫീസ് അറ്റൻഡന്റ് | GKVHS,അയിര | 98510 | 750 | 600 | 150 |
| ഉഷാകുമാരി, ജൂനിയർ അസിസ്റ്റന്റ് | മാവേലി സ്റ്റോർ, പ്ലാമൂട്ടുക്കട | 150120 | 1250 | 1000 | 250 |

| പേരും തസ്തികയും | സ്ഥാപനം | അർദ്ധവർഷ വരുമാനം II | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|---|
| റീന സി, ഓഫീസ് അറ്റൻഡന്റ് | GKVHSSഅയിര | 91333 | 750 | 600 | 150 |
| ഷീജ, ലക്ചറർ | സരസ്വതി കോളേജ് ഓഫ് നഴ്സിങ്ങ് | 101820 | 1000 | 750 | 250 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15എ/16 തീയതി 25.10.16) കുറവ് വന്നിട്ടുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. നഷ്ടതുക ഇടാക്കി രേഖകൾ ലഭ്യമാക്കാത്ത പക്ഷം സെക്രട്ടറിയുടെ ഉത്തരവാദിത്തമാകുന്നതാണ്.

## 2-3 ഡി.&ഒ. ലൈസൻസ് ഈടാക്കുന്നതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ഡി&ഒ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന സ്ഥാപനത്തിൽ നിന്നും, ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| പേര് | കുതിരശക്തി | ഈടാക്കേണ്ട ഫീസ് | നഷ്ടം |
|---|---|---|---|
| പി &പി ട്രേഡേഴ്സ്, കടകുളം | 60 HP | 1000 | 1000 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/16 തീയതി : 26.10.16) കുറവ് വന്നിട്ടുള്ള ഫീസ് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. നഷ്ടതുക ഇടാക്കി രേഖകൾ ലഭ്യമാക്കാത്ത പക്ഷം സെക്രട്ടറിയുടെ ഉത്തരവാദിത്തമാകുന്നതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെറുകിട കച്ചവടം - പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം

എ) പദ്ധതി തുക ബാങ്കിൽ ഒടുക്കിയിരിക്കുന്നു.

2015-16 ൽ ചെറുകിട കച്ചവടം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് രണ്ടു പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. വിശദവിവരം ചുവടെ.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| ചെറുകിടകച്ചവടം (വൃദ്ധർ-വ്യക്തിഗതം) (എസ് 0003/16) | 7,50,000 (വികസനഫണ്ട്) 30,00,000 (ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ) | 120000 (വികസനഫണ്ട്) - | 2/2015-16(oldage)/ 29.2.16 |
| ചെറുകിടകച്ചവടം (ജനറൽ -വ്യക്തിഗതം) (എസ് 004/16) | 13,65,000 (വികസനഫണ്ട്) 54,60,000 (ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ) | 260000 (വികസനഫണ്ട്) - | 1/2015-16(GL)/ 29.2.16 |
| ആകെ ചെലവ് | | 380000 | |

ഗുണഭോക്താവ് ഒന്നിന് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയായി 20,000/- രൂപയും, സബ്സിഡിയായി 5,000/- രൂപയും ഉൾപ്പെടുത്തി ആകെ 25,000/- രൂപ അനുവദിക്കുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. ആനുകൂല്യത്തിനായി 76 ഗുണഭോക്താക്കൾ നിർവഹണാധികാരിയുമായി കരാറിലേർപ്പെട്ടു. അംഗീകൃത പദ്ധതികൾ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി പരിശോധിച്ച്, ബാങ്കിലേയ്ക്ക് സമർപ്പിച്ച് വായ്പയോടു കൂടിയാണ് ധനസഹായം ലഭ്യമാക്കേണ്ടത്. എന്നാൽ നിർവഹണാധികാരി ഗുണഭോക്താക്കളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങുകയോ, നടത്താനുദ്ദേശിക്കുന്ന/ നടത്തുന്ന വ്യാപാരം എന്താണെന്നോ പരിശോധിക്കാതെ പദ്ധതി തുക 3,80,000/-രൂപ മേൽപ്രകാരം പിൻവലിച്ച് ഐ.ഒ.ബി ചാരോട്ടുകോണം ബ്രാഞ്ചിൽ 23.03.2016തീയതിയിൽ ഒടുക്കി. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർ ആരും തന്നെ സംരംഭങ്ങൾ ആരംഭിക്കാത്തതിനാൽ പ്രസ്തുത തുകയിൽ നിന്നും ഇതുവരെയായി ആർക്കും തന്നെ

ബാങ്ക് സബ്സിഡി വിതരണം ചെയ്തിട്ടില്ല.

ജി.ഒ.(എം.എസ്.)362/2013 തസ്വഭവ തീയതി 16.11.2013 പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ സമാഹരിക്കുന്നതിനായി അനുവദിക്കുന്ന സബ്സിഡി ലോൺ തുകയോടൊപ്പം ബാക്ക് എൻഡ് സബ്സിഡിയായിട്ടാണ് അനുവദിക്കേണ്ടത്. ഗുണഭോക്താവിന്റെ കച്ചവടം ചെയ്യാനുള്ള നല്ല ഉദ്ദേശം, കച്ചവടത്തിനായി ബാങ്ക് വായ്പ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ പരിശോധിച്ച് ഉറപ്പാക്കാതെ പദ്ധതി തുക പിൻവലിച്ച് ബാങ്കിൽ ഒടുക്കിയത് കൃത്യവിലോപമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.10.16) ആനുകൂല്യത്തിനായി കരാർ വച്ച ഗുണഭോക്താക്കളിൽ ആരും തന്നെ നിലവിൽ കച്ചവടം നടത്തുന്നില്ലായെന്നും, ആർക്കും തന്നെ സബ്സിഡി അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതി തുക തിരികെ ഒടുക്കുന്നതാണെന്നും അറിയിച്ചു.

മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യകത ഉറപ്പാക്കാതെയും പിൻവലിച്ച പദ്ധതി തുക 3,80,000/- രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. 3,80,000/- രൂപയും, തുക പിൻവലിച്ച തീയതി (29.02.2016) മുതൽ തിരികെ ട്രഷറിയിൽ ഒടുക്കുന്ന തീയതി വരെ 18% നിരക്കിൽ പിഴയും ചേർത്ത് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

*ബി) വായ്പ കൂടാതെ സബ്സിഡി - പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചില്ല*

പ്രോജക്റ്റ് നം. - 210/15 ചെറുകിടകച്ചവടം (വൃദ്ധർ)

അടങ്കൽ - 7,50,000/- (വികസന ഫണ്ട്)

- 30,00,000/- (ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ)

- 37,50,000/-

ചെലവ് - 7,50,000/- (വികസന ഫണ്ട്)

ബിൽ നം. - 1/2015 small scale business (old aged)14-15 തീയതി 28.03.2015 /2,50,000/-

- 3/2015 small scale industries (old not)14-15 തീയതി 28.03.2015 5,00,000/-

ആകെ ഗുണഭോക്താക്കൾ - 150

പ്രോജക്റ്റ് നം. - 211/15 ചെറുകിടകച്ചവടം (ജനറൽ)

അടങ്കൽ - 13,65,000/- (വികസന ഫണ്ട്)

- 54,60,000/- (ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ)

- 68,25,000/-

ചെലവ് - 10,00,000/- (വികസന ഫണ്ട്)

ബിൽ നം. - 4/2015 തീയതി 28.03.2015 – 10,00,000/-

ആകെ ഗുണഭോക്താക്കൾ - 200

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2014-15 വർഷം നടപ്പിലാക്കിയ മേൽ പദ്ധതികളിലൂടെ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനും നിർധന കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ചെറുകിട കച്ചവട സംരംഭങ്ങൾ നടത്തുന്നതിനായി ഒരു വ്യക്തിക്ക് 20,000/- രൂപ ബാങ്ക് വായ്പ അനുവദിക്കുമ്പോൾ 5,000/- രൂപ സബ്സിഡിയും ചേർത്ത് 25,000/- രൂപ ഗുണഭോക്താവിന് അനുവദിക്കാനാണ് പദ്ധതി പ്രകാരം ഉദ്ദേശിച്ചിരുന്നത്.

പ്രസ്തുത പദ്ധതികൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

1) ബാങ്ക് വായ്പ ഇല്ലാതെ സബ്സിഡി തുകയായ 5,000/- രൂപ മാത്രം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ബാങ്ക് വായ്പ അനുവദിച്ചതിനു ശേഷം ബാക്ക് എൻഡ് ആനുകൂല്യമായാണ് സബ്സിഡി അനുവദിക്കേണ്ടത് എന്നിരിക്കേ ലോൺ അനുവദിക്കുന്നതിനു മുമ്പേ തന്നെ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ബാങ്കായ പൊൻവിള സർവീസ് സഹകരണ ബാങ്കിനു നൽകി. ഇത് 16.11.2013-ലെ ജി.ഒ (എം.എസ്)നം.362/2013-ലെ ഖണ്ഡിക 11.4 ന്റെയും അനുബന്ധം 16 ലെ ഖണ്ഡിക 3.7 ന്റെയും വ്യക്തമായ ലംഘനമാണ്.

2) പദ്ധതി നിർവ്വഹണത്തിനായി 1750000/- രൂപ പൊൻവിള സർവീസ് സഹകരണ ബാങ്കിനു ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ

| ക്രമ നം. | തീയതി | തുക | ഡി.ഡി.നം | ബാങ്ക് |
|---|---|---|---|---|
| 1 | 24.03.2015 | 25000 | 333028 | എസ്.ബി.റ്റി, പാറശ്ശാല |

| | | | | |
|---|---|---|---|---|
| 2 | 24.03.2015 | 50000 | 333029 | എസ്.ബി.റ്റി, പാറശ്ശാല |
| 3 | 18.04.2015 | 85000 | 334172 | എസ്.ബി.റ്റി, പാറശ്ശാല |
| 4 | 18.04.2015 | 355000 | 334237 | എസ്.ബി.റ്റി, പാറശ്ശാല |
| 5 | 18.04.2015 | 585000 | 334169 | എസ്.ബി.റ്റി, പാറശ്ശാല |
| 6 | 18.04.2015 | 105000 | 334239 | എസ്.ബി.റ്റി, പാറശ്ശാല |
| 7 | 18.04.2015 | 75000 | 334171 | എസ്.ബി.റ്റി, പാറശ്ശാല |
| 8 | 18.04.2015 | 255000 | 334170 | എസ്.ബി.റ്റി, പാറശ്ശാല |
| 9 | 18.04.2015 | 15000 | 334236 | എസ്.ബി.റ്റി, പാറശ്ശാല |
| 10 | 18.04.2015 | 25000 | 334238 | എസ്.ബി.റ്റി, പാറശ്ശാല |
| 11 | 24.04.2015 | 150000 | 543001 | ഐ.ഒ.ബി, ചാരോട്ടുകോണം |
| 12 | 22.05.2015 | 25000 | 543014 | ഐ.ഒ.ബി, ചാരോട്ടുകോണം |
| ആകെ | | 1750000 | | |

1575000/- രൂപ എസ്.ബി.റ്റി പാറശ്ശാലയിൽ നിന്നും, 175000/- രൂപ ഐ.ഒ.ബി ചാരോട്ടുകോണത്തിൽ നിന്നുമാണ് പൊൻവിള സർവീസ് സഹകരണ ബാങ്കിന് ലഭിച്ചിട്ടുള്ളത്.

ഐ.ഒ.ബി, ചാരോട്ടുകോണത്തിൽ നിന്നും ലഭിച്ചിട്ടുള്ള 175000/- രൂപ മറ്റൊരു പദ്ധതിയ്ക്കായി പ്രസ്തുത ബാങ്കിൽ നിക്ഷേപിച്ചിരുന്നതാണ്. ചെറുകിട കച്ചവടം പദ്ധതിയ്ക്കായി പിൻവലിച്ച 1750000/- രൂപയിൽ 1575000/- രൂപ (എസ്.ബി.റ്റി യിൽ നിന്നും നൽകിയത്) കഴിച്ചുള്ള 175000/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3) പദ്ധതി ഫയലിൽ 350 ഗുണഭോക്താക്കൾക്ക് 20,000/- രൂപവീതം വായ്പയും, 5,000/- രൂപ വീതം സബ്സിഡിയും വിനിയോഗിച്ചിട്ടുള്ളതായി ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടു ത്തിയിട്ടുണ്ട് (തീയതി രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ 28.10.2016ലെ ഓഡിറ്റ് അന്വേഷണത്തിന് (നം. കെ.എസ്.എ.ടി.വി.എം./ക്യാമ്പ് കാരോട് ഗ്രാ.പ./എ.ഇ. 24) മറുപടിയായി വായ്പനൽകാതെ സബ്സിഡി മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയത് എന്ന് ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുണ്ട് (കത്ത് നം. CB(P) 0010121/16-17 തീയതി 31.10.2016).

4) ഡി & ഒ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ ആരും തന്നെ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഈ വിഷയം, ഓഡിറ്റ് അന്വേഷണത്തിന് (നം. 23/27.01.16) നൽകിയ മറുപടിയിൽ സെക്രട്ടറി സമ്മതിച്ചിട്ടുമുണ്ട്.

ബാങ്ക് വായ്പയ്ക്ക് ബാക്ക് എൻഡ് ആനുകൂല്യമായാണ് സബ്സിഡി അനുവദിക്കേണ്ടത് എന്നിരിക്കേ, വായ്പ അനുവദിക്കാതെ സബ്സിഡി മാത്രം അനുവദിച്ചതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ബാങ്ക് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/16 dtd:31/10/16) 23.03.2015തീയതിയിലെ ബാങ്ക് കമ്മിറ്റി തീരുമാന പ്രകാരമാണ് (തീരുമാനം നം.2(a) സബ്സിഡി അനുവദിച്ചത് എന്ന മറുപടിയാണ് ലഭിച്ചത്.

പദ്ധതി പ്രകാരം അനുവദിക്കേണ്ട വായ്പ അനുവദിക്കാതെ ഗുണഭോക്താക്കൾക്കു സബ്സിഡി തുക മാത്രം വിതരണം ചെയ്യുന്ന വിവരം ഗ്രാമപഞ്ചായത്തിനെ വാക്കാൽ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.33ബി/31.10.16) ബാങ്ക് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി തെറ്റിദ്ധാരണാജനകമാണ്. കാരണം, പദ്ധതി കാലയളവിൽ തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷനും, സഹകരണ സ്ഥാപനത്തിന്റെ അധ്യക്ഷനും ഒരു

വ്യക്തി തന്നെയായിരുന്നു.

ജി.ഒ.(എം.എസ്.)362/2013 തസ്വഭവ തീയതി 16.11.2013 പ്രകാരം ബാങ്ക് എൻഡ് സബ്സിഡിയായി നൽകേണ്ട ആനുകൂല്യങ്ങൾ ലീഡ് ബാങ്കുകൾ മുഖേനയാണ് നടപ്പാക്കേണ്ടത്, പദ്ധതിക്കായി സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തിയത് വീഴ്ചയാണ്.

മൂലധന ചെലവിന് മാത്രം വിനിയോഗിക്കേണ്ട പദ്ധതിവിഹിതം എല്ലാ മാനദണ്ഡങ്ങളും അവഗണിച്ച് ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ഈയിനത്തിലെ ചെലവ് തുക 17,50,000/- രൂപ നിരാകരിക്കുന്നു. കൂടാതെ ഈ 17,50,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച തീയതി (28.03.2015) മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% നിരക്കിൽ പിഴയും ഒടുക്കേണ്ടതാണ്. പ്രസ്തുത തുക പദ്ധതിയുടെ പ്രായോഗികത പരിശോധിക്കാതെ പദ്ധതിക്ക് അംഗീകാരം നൽകിയ 04.02.2015 ലെ പഞ്ചായത്തു കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി, നിർവഹണാധികാരി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

ഓഡിറ്റിനു ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിർവഹണ സ്ഥാപനമായ പൊൻവിള സർവീസ് സഹകരണ ബാങ്കിൽ തിരിമറികൾ നടന്നിട്ടുണ്ടോ എന്ന് കൂടുതൽ പരിശോധന ആവശ്യമായതിനാലും, മറ്റൊരു പദ്ധതിക്കായി ചാരോട്ടുകോണം IOB യിൽ നിക്ഷേപിച്ചിരുന്ന 1,75,000/- രൂപ ഈ പദ്ധതിക്കായി വിനിയോഗിച്ചത് ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കാത്തതിനാലും, മേൽ പദ്ധതികൾ സംബന്ധിച്ചും, മുൻവർഷങ്ങളിൽ പൊൻവിള സർവീസ് സഹകരണ ബാങ്ക് മുഖാന്തിരം നിർവഹിച്ചിട്ടുള്ള പദ്ധതികളിന്മേലും വിജിലൻസ് അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-2 വെൺകുളം നവീകരണം - കൂടുതൽ അന്വേഷണം അനിവാര്യം

കാരോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വെൺകുളം നവീകരിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ എസ്റ്റിമേറ്റ് പ്രകാരം 90,00,000/- രൂപയ്ക്ക് അനുമതി ലഭിച്ചു. RKVY പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു.

1) cleaning the side of pond - 1x780x3 = 2340m$^2$

Rate Rs.198/100m$^2$ = Rs.4633.20

2) out water with 5HP diesel ..... - 15 days @Rs.1397/day

3) earth work excavation in clay for

desliting of pond etc..... - 273 x105.50x$\frac{1.5+0.50}{2}$ = 28907

rounded to 28910

@ Rs.21 = Rs.607110

എസ്റ്റിമേറ്റ് പ്രകാരം ചെളി മാറ്റുന്നതിന് 607110/- രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.2.14ലെ കത്ത് പ്രകാരം നീക്കം ചെയ്യുന്ന ചെളിമണ്ണ് അടിയന്തിരമായി ലേലം/ക്വട്ടേഷൻ ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം പഞ്ചായത്തു 28910 m$^3$ ചെളിമണ്ണ് വെൺകുളത്തിൽ നിന്നും നീക്കം ചെയ്തു കൊണ്ടുപോകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. വിജയരാജ് 36,45,000/- രൂപയ്ക്ക് ടെണ്ടർ നേടുകയും, തുക പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തു. ടിയാൾ എത്ര മണ്ണ് സൈറ്റിൽ നിന്നും നീക്കം ചെയ്തു എന്നതിന്റെ വിവരം ലഭ്യമല്ല.

ചെളി കോരിമാറ്റുന്ന പ്രവൃത്തി ശ്രീ. വിജയരാജ് ചെയ്തിട്ടുള്ളതിനാലും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ എസ്റ്റിമേറ്റിൽ ഇതേ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ള തിനാലും, പദ്ധതി സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ ചെലവുകൾ കൂടി പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം സർക്കാർ തലത്തിൽ നടത്തേണ്ടതാണ്.

## 3-3 60വയസ്സ് തികയാത്ത വ്യക്തിക്ക് കർഷകതൊഴിലാളി പെൻഷൻ നൽകിയിരിക്കുന്നു

1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ (ചട്ടം2) പ്രകാരം അപേക്ഷാ തീയതിയിൽ 60വയസ്സ് പൂർത്തിയായ വ്യക്തികൾക്കാണ് കർഷക തൊഴിലാളി പെൻഷന് അർഹത. കർഷകതൊഴിലാളി

ക്ഷേമനിധി ഓഫീസറുടെ സാക്ഷ്യപത്രത്തിൽ 60വയസ്സ് പൂർത്തിയായി എന്ന് രേഖപ്പെടുത്തൽ ഉണ്ടെങ്കിലും ആധാർ (ജനന വർഷം 1957) ഇലക്ഷൻ തിരിച്ചറിയൽ കാർഡ് (1.1.97 ൽ 39വയസ്സ്) എന്നിവ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ലാത്ത ശ്രീമതി.ഓമന, പനയ്യപ്പറമ്പ് വീട്, വടക്കേ പുതുവീട്, പ്ലാമൂട്ടുക്കട എന്ന വ്യക്തിക്ക് കാരോട് അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ ശുപാർശയിന്മേൽ 09.07.15 ലെ I(c)നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം 01.07.2015 മുതൽ പെൻഷൻ നൽകി വരുന്നു.

ഇതു സംബന്ധിച്ച 31.10.2016 തീയതിയിലെ 30/2015-16 നം. ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിനു മറുപടിയായി അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നൽകിയതെന്ന് പഞ്ചായത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കി നിശ്ചിത പ്രായപരിധി പൂർത്തിയായവർക്ക് മാത്രം ക്ഷേമപെൻഷനുകൾ അനുവദിക്കേണ്ടതാണ്.

## 3-4 പ്രായപരിധി കഴിഞ്ഞവർക്കും തൊഴിൽരഹിത വേതനം നൽകി - 720/- രൂപ തിരികെ ഈടാക്കണം

സ.ഉ.(അച്ചടി) നം.23/98/തൊഴിൽ തീയതി 28.05.1998 പ്രകാരം പുറപ്പെടുവിച്ച കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ (ചട്ടം 2) പ്രകാരം 18നും 35നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കൾക്കാണ് തൊഴിൽ രഹിത വേതനത്തിന് അർഹതയുള്ളത്. എന്നാൽ ചുവടെ പറയുന്ന വ്യക്തികൾക്ക് മേൽപ്രായപരിധി കഴിഞ്ഞും വേതനം നൽകിയിരിക്കുന്നു.

| ക്രമ നം. | വ്യക്തികളുടെ പേരും മേൽവിലാസവും, റോൾ നമ്പർ | ജനന തീയതി | അധിക വിതരണം ചെയ്ത കാലയളവ് | അധികമായി വിതരണം ചെയ്ത തുക |
|---|---|---|---|---|
| 1 | ശ്രീമതി.അനുഷ, ഏഞ്ചൽ ഹൗസ്, വട്ടവിള, അയിര 2749 | 22.05.1979 | 6/14 – 8/14 | 360 |
| 2 | ശ്രീ. സാം അലക്സ് എ, പുലിക്കണ്ടം പുത്തൻവീട്, അയിര പി.ഒ. 2755 | 20.05.1980 | 6/15 | 120 |
| 3 | ശ്രീമതി. ലളിത. ടി, വട്ടവിള ചീനിവിള വീട്, കാന്തള്ളൂർ, പ്ലാമൂട്ടുക്കട പി.ഒ. | 25.05.1975 | 6/10-7/10 | 240 |
| ആകെ | | | | 720 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/2015-16 തീയതി 31.10.2016ന് ടിയാളുകൾക്ക് കത്ത് അയച്ച് തിരികെ ഈടാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

മേൽപ്രകാരം നൽകിയ തുക 720/- രൂപ ടിയാളുകളിൽ നിന്നോ, തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നോ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

# 3-5 പ്രാഥമിക പരിസ്ഥിതി സംരക്ഷണം പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ

പദ്ധതി - പ്രാഥമിക പരിസ്ഥിതി സംരക്ഷണം ( നം. 222/16)

നിർവഹണാധികാരി - സെക്രട്ടറി

സർക്കാർ ഉത്തരവ് (ദിന) നം. 147/2013/ പരിസ്ഥിതി തീയതി 01.10.2013 പ്രകാരം പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച പ്രാഥമിക പരിസ്ഥിതി സംരക്ഷണം എന്ന പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജലസ്രോതസ്സുകളുടെ ശുദ്ധീകരണം/വികസനം, ഖരമാലിന്യങ്ങളുടെ മാനേജ്മെന്റ് സിസ്റ്റം എന്നിവയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയിലേക്ക് കാരോട് ഗ്രാമപഞ്ചായത്തിനെയും 'പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാന വകുപ്പ്, ഉൾപ്പെടുത്തുക യുണ്ടായി. പഞ്ചായത്തു കമ്മിറ്റിയുടെ 25.03.2015ലെ I(2) നം. തീരുമാനം പ്രകാരം അക്കാദമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ്, നെയ്യാറ്റിൻകര, 695121എന്ന സ്ഥാപനത്തിൽ നിന്നും പ്രോജക്ടു റിപ്പോർട്ട് വാങ്ങി ടി വകുപ്പിന് സമർപ്പിച്ചത് പ്രകാരം, ടി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം. ഡി.ഒ.ഇ.സി.സി./ ഇ1/0073/2015തീയതി 28.03.2015, ചെക്ക് നം. 571150/7.5.2015 പ്രകാരം 2.5ലക്ഷം രൂപ പഞ്ചായത്തിനു അനുവദിച്ചിരുന്നു. ടി പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ജലസ്രോതസ്സുകളെകുറിച്ചുള്ള വിവര ശേഖരണം.
2. നിലവിലുള്ള ജലസ്രോതസ്സുകളുടെ നിലനിർത്തൽ
3.കുളങ്ങളുടെ വശങ്ങളിൽ രാമച്ചം എന്ന ഔഷധ സസ്യം വച്ചുപിടിപ്പിക്കൽ.
4. നിലവിലുള്ള നദികളെ ശുദ്ധീകരിച്ച് വശങ്ങളിൽ മുളകൾ വച്ചു പിടിപ്പിക്കുക.
5.ജല സംരക്ഷണത്തെക്കുറിച്ചും പ്രകൃതിദത്ത ജല സ്രോതസ്സുകളെക്കുറിച്ചും സ്കൂൾ വിദ്യാർഥികൾ, സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ. പ്രതിനിധികൾ എന്നിവർക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകുക.
6.ഡാറ്റാ ബാങ്ക് തയ്യാറാക്കി 2015ജൂൺ 5 നു മുൻപ് പ്രസിദ്ധീകരിക്കുക.

പ്രോജക്ട് പ്രൊപ്പോസലിനോടൊപ്പം ടി സ്ഥാപനം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു.

സർവ്വേ നടത്തുന്നതിനും വോളന്റിയർമാർക്കും ഉള്ള ആഹാര ചെലവ് : 50,000/- രൂപ

ഡാറ്റാ ബുക്ക് അച്ചടി ചെലവ് : 50,000/- രൂപ

ബോധവത്കരണ പരിശീലന ചെലവ് : 1,00,000/- രൂപ

ഡോക്കുമെന്ററി തയ്യാറാക്കൽ : 50,000/- രൂപ

ആകെ : 2,50,000/- രൂപ

ഈ ബഡ്ജറ്റ് ടി പ്രൊപ്പോസലിനോടൊപ്പം പഞ്ചായത്തു പ്രസിഡന്റും സെക്രട്ടറിയും കൂടി അംഗീകരിച്ച് മേൽ വകുപ്പിൽ അയച്ച്, അവിടെ നിന്നും അംഗീകാരം നൽകി തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

07.08.2015ൽ ടി സ്ഥാപനവുമായി (അക്കാദമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ്) കരാറിലേർപ്പെടുകയും, അതു പ്രകാരം കരാറുകാരൻ (ഒബ്ലിഗർ) പ്രോജക്ട് പ്രൊപ്പോസലിന് അനുസൃതമായി മാത്രമേ പദ്ധതി നടപ്പാക്കാവൂ എന്ന വ്യവസ്ഥ (നം.5) വയ്ക്കുകയും ചെയ്തു.

ടി സ്ഥാപനത്തിന് തുക നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./ തീയതി | തുക |
|---|---|---|
| 1 | 324991/17.08.2015 | 1,25,000/- |
| 2 | 3414764/08.12.2015 | 1,25,000/- |

ടി സ്ഥാപനം ഹാജരാക്കിയ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവിനം | തുക | ചെലവിനം | തുക |
|---|---|---|---|
| സ്ഥാപത്തിൽ നിന്നുള്ള ധനസഹായം<br>ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്) | 125000<br>125000 | DTP& ഫോട്ടോസ്റ്റാറ്റ്<br>ഓണറേറിയം<br>ബ്രൗഷർ പ്രിന്റിംഗ് & ഡിസൈനിംഗ് | 360<br>31500<br>2100 |

| | | | |
|---|---|---|---|
| | | നോട്ടീസ്&ബാനർ<br>ഫോട്ടോ<br>പ്രിന്റിംഗ്& സ്റ്റേഷണറി<br>വീഡിയോ കവറേജ്<br>പി.എ. സിസ്റ്റം<br>ഡോക്കുമെന്ററി<br>റിഫ്രഷ്മെന്റ്<br>വാർഡ് തല വീഡിയോ<br>vetiver &Tulsi<br>ഡോക്കുമെന്റേഷൻ<br>ട്രാൻപൊർട്ടേഷൻ<br>ഡാറ്റാബുക്ക് പ്രിന്റിംഗ് | 4200<br>2300<br>460<br>1500<br>1800<br>50000<br>1900<br>3000<br>100000<br>3000<br>4500<br>50000 |
| ആകെ | 250000 | ആകെ | 256620 (limited to 2,50,000) |

ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ (നം. ഇല്ല) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളും വീഴ്ചകളും ചുവടെ ചേർക്കുന്നു.

1) കാട്ടാക്കട ഗ്രാമപഞ്ചായത്തിന് ടി സ്ഥാപനം തയ്യാറാക്കി കൊടുത്ത പ്രോജക്റ്റ് പ്രപ്പോസലാണ് കാരോട് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിരിക്കുന്നത്.

2) പദ്ധതിയിൽ പ്രധാനമായും വിഭാവനം ചെയ്തിരുന്നത് ജല സ്രോതസ്സുകളുടെ നവീകരണവും, വീണ്ടെടുക്കലും, വികസനവും, ശുദ്ധീകരണവും, വശങ്ങളിൽ ഔഷധ ചെടികളും, മുളകളും വച്ചു പിടിപ്പിക്കലുമായിരുന്നു. എന്നാൽ ടി സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇവയ്ക്കായി യാതൊരു തുകയും നീക്കി വച്ചിട്ടില്ല. ഔഷധ സസ്യങ്ങൾ മാത്രം വച്ചു പിടിപ്പിച്ചതല്ലാതെ പ്രധാന പദ്ധതിയായ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് യാതൊന്നും ചെയ്തില്ല.

3) പ്രോജക്റ്റ് പ്രൊപ്പോസൽ ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ (കൂടുതൽ സർക്കുലേഷനുള്ളവ) ഒന്നും തന്നെ പരസ്യം ചെയ്യുകയോ, പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. പകരം പഞ്ചായത്തു കമ്മിറ്റിയുടെ 25.03.2015 ലെ I(2) -ാം നമ്പർ തീരുമാനം പ്രകാരം 'അക്കാദമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ്' നെ നേരിട്ട് ഏല്പിക്കുകയായിരുന്നു.

4) ഡോക്കുമെന്ററി നിർമ്മാണം പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും എസ്റ്റിമേറ്റിൽ 50,000/- രൂപ വകയിരുത്തി ചെലവഴിച്ചിരിക്കുന്നു.

5) ടി സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം 4200 എണ്ണം രാമച്ചം തൈകളും, മറ്റു ഔഷധ സസ്യങ്ങൾ 644 എണ്ണവും, 364 എണ്ണം തുളസി തൈകളും 20 രൂപ നിരക്കിൽ വാങ്ങിയിരിക്കുന്നു. (ആകെ എണ്ണം -5208, തുക - 104160 രൂപ - 1 ലക്ഷം രൂപയാക്കി ലിമിറ്റ് ചെയ്തിരിക്കുന്നു.)

ഇതിൽ 4200 തൈകൾ വിവിധ വാർഡുകളിലെ കുളങ്ങളുടെ വശങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി വാർഡ് മെമ്പർമാർക്കും മറ്റ് ചില വ്യക്തികൾക്കും നൽകിയിട്ടുണ്ട്. (ഇവ നട്ടുപിടിപ്പിച്ചതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല). പദ്ധതിയുടെ ഫോട്ടോ ഹാജരാക്കിയിട്ടുണ്ടെങ്കിലും ജലാശയങ്ങൾ

എല്ലാം കാട്ടുകയറി കിടക്കുന്ന അവസ്ഥയിലും, അവയുടെ വശങ്ങളിലെ കളകൾ അല്പം ഭാഗം താല്കാലികമായി നീക്കി അവിടെ ഔഷധ തൈകൾ വച്ചു പിടിപ്പിക്കുന്നതായിട്ടാണ് കാണുന്നത്. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങൾക്ക് 864 എണ്ണം തൈകൾ (ആകെ എണ്ണത്തിലും 56 എണ്ണം കൂടുതൽ) വിതരണം ചെയ്തിട്ടുണ്ട്. (ഇവയും വച്ചുപിടിപ്പിച്ചത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തലുകളില്ല.)

6) മേൽ ഔഷധ തൈകൾക്ക് നിലവിലെ മാർക്കറ്റ് വില 20 രൂപയാണെങ്കിലും ഇത്രയും കൂടുതൽ എണ്ണം തൈകൾ ഒരുമിച്ചു വാങ്ങുമ്പോൾ 25% എങ്കിലും കിഴിവ് ലഭിക്കേണ്ടതാണ്. എന്നാൽ കിഴിവില്ലാതെ 20/- രൂപ നിരക്കിൽ തന്നെ ഇവ വാങ്ങിയിരിക്കുന്നു. കിഴിവ് വാങ്ങിയിരുന്നുവെങ്കിൽ 78,120/- രൂപ നൽകിയാൽ മതിയായിരുന്നു.

7) ടി സ്ഥാപനവുമായി 07.08.2015 ൽ ഒപ്പു വെച്ച കരാറിൽ പ്രോജക്ട് പ്രൊപ്പോസലിന് അനുസൃതമായേ പദ്ധതി നടപ്പാക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഏതൊക്കെ ജല സ്രോതസ്സുകൾ/നദികൾ/ജലാശയങ്ങൾ നവീകരിക്കണം/ വികസിപ്പിക്കണമെന്നോ ഉള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. ഇപ്രകാരമുള്ള യാതൊരു പ്രവർത്തികളും ചെയ്തിട്ടുമില്ല.

ആകയാൽ ആകെ ചെലവ് തുകയായ 2.5 ലക്ഷം രൂപയിൽ 237720/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതിയിൽ നിന്നും വ്യതിചലിച്ച് വിവിധ വിദ്യാലയങ്ങൾക്ക് ഔഷധ സസ്യതൈകൾ വിതരണം ചെയ്തതിന്റെ വിലയായ 17,280/- രൂപ (864x20) നിരാകരിക്കുന്നു. ഈ തുക 17,280/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കി പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-6 പത്രപരസ്യങ്ങൾ നൽകൽ കിഴിവ് വാങ്ങുന്നില്ല

പത്രപരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സ.ഉ.(നിനി) നം.1/2011/പി&എആർഡി തീയതി 04.01.2011 പ്രകാരമുള്ള 15% കിഴിവ് വാങ്ങുന്നില്ല. കൂടാതെ സ.ഉ.(അച്ചടിച്ചത്) 01/04/ ഐ & പിആർ (ഇൻഫർമേഷൻ & പ. റിലേഷൻസ് - ഡി വകുപ്പ്), സർക്കുലർ നം. 7441/D1/04/I&PR തീയതി 21.06.2004 എന്നിവ പ്രകാരം വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതും അവയുടെ പൂർണ്ണരൂപം അതേ സമയം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണെന്നും, പരസ്യചെലവ് വഹിക്കുന്നത് സംബന്ധിച്ച് സ്ഥാപനം രേഖാമൂലം ഉറപ്പ് നൽകണമെന്നും ഉത്തരവായിട്ടുണ്ട്.

ആകയാൽ ഇനി മുതൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് ടി സർക്കാർ ഉത്തരവിലെയും, സർക്കുലറിലെയും വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

## 3-7 ക്ഷേമപെൻഷനുകൾ അനുവദിക്കുന്നത് നടപടിക്രമത്തിൽ വീഴ്ചകൾ

ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരു വിവരം ഗ്രാമസഭയിൽ വെളിപ്പെടുത്തി, അഭിപ്രായം രേഖപ്പെടുത്തുന്നില്ല.

2) പെൻഷൻ ലഭിക്കുന്ന വ്യക്തികൾ ജീവിച്ചിരിപ്പുണ്ടോ എന്നും മറ്റു വരുമാനങ്ങൾ ലഭിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ എല്ലാ വർഷവും ഏപ്രിൽ മാസം സെക്രട്ടറി പരിശോധിച്ച് മെയ് മാസം 15-ാം തീയതിക്കകം ജില്ലാ കലക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടില്ല.

ഈ അപാകതകൾ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1(ഇ,എഫ്) പ്രകാരം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും തൻവർഷവും ആയവ പാലിച്ചിട്ടില്ല. ഇതുകൂടാതെ ക്ഷേമപെൻഷൻ അപേക്ഷകൾ നിരസിച്ച വിവരം, ബന്ധപ്പെട്ട രേഖകളുടെ അഭാവത്താൽ മാറ്റി വച്ച വിവരം എന്നിവ അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം അപേക്ഷകരെ അറിയിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 22/15-16 തീയതി 27.10.2016) ടി ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും, മേലിൽ അപാകതകൾ പരിഹരിക്കുമെന്നും മറുപടി നൽകി.

ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതും, നിരസിച്ചവ, ന്യൂനതകൾ ഉള്ളവ സംബന്ധിച്ച വിവരം യഥാസമയം തന്നെ അപേക്ഷകരെ അറിയിക്കേണ്ടതുമാണ്.

## 3-8 ഫയൽ പരിപാലനം അപാകതകൾ

ജീവനക്കാർക്ക് (ക്ലറിക്കൽ കേഡർ) പ്രൊബേഷൻ പൂർത്തിയാക്കാൻ കേരള പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന ഓഫീസ് നടപടിക്രമം മാന്വൽ പരീക്ഷ വിജയിച്ചിരിക്കണമെന്നുണ്ടെങ്കിലും കാര്യാലയത്തിൽ

എം.ഒ.പി. പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. നോട്ട് ഫയലിൽ കുറിപ്പുകൾ രേഖപ്പെടുത്തി സെക്രട്ടറി ഉത്തരവ് നൽകുന്നില്ല. പകരം കറന്റ് ഫയലുകൾ മാത്രം മുറസ്സ് അടുക്കി വച്ച് തുടർനടപടികൾ സ്വീകരിക്കുന്നു. (ഇവയിൽ ചിലതിൽ മാത്രം സെക്രട്ടറി ഇനിഷ്യൽ ചെയ്തിട്ടുണ്ട്). ചെലവ് തുകകൾ നൽകുന്നതിനും മറ്റും സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുന്നില്ല.

ഭാവിയിൽ ഫയലുകൾ പരിപാലിക്കുന്നതിന് എം.ഒ.പി. യിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 273/2010/lsgd dtd:27.01.2010 | 9083607 | 11038808 | 1955201 | | 9083607 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | - | - | - | - | - |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,59,75,572/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,37,38,655/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21,47,280/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,37,720 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും, |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 എ | | 380000 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-1 ബി | | 17,50,000/- | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സെക്രട്ടറി, പഞ്ചായത്ത് ഭരണസമിതി |
| 3-5 | | 17,280 | സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയതുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,37,720 | സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1 ബി

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആനന്ദ് ശങ്കർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാരോട് ഗ്രാമ പഞ്ചായത്ത് | സുവർണ്ണാലയം, പാറശ്ശാല, അയിര പി.ഒ |
| പ്രീത, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൂവ്വാർ | എസ്.എൻ.നിവാസ്, കഞ്ചാംപഴിഞ്ഞി പി.ഒ, തിരുപുറം |
| രവീന്ദ്രൻ നായർ, സെക്രട്ടറി | | |
| അമലോർഭവം, ഭരണസമിതിയംഗം | | ചൈത്രം, ഞാറക്കാല, പ്ലാമൂട്ടുക്കട പി.ഒ. |
| ഹെപ്സിഭായി, ഭരണസമിതിയംഗം | | എസ്.എച്ച്. ഭവൻ, കുരുവിക്കാട്,എറിച്ചല്ലൂർ, പ്ലാമൂട്ടുക്കട പി.ഒ. |
| ബിന്ദു റോബിൻസൺ, ഭരണസമിതിയംഗം | | പഴക്കാട് വീട്, അയിര, അയിര പി.ഒ. |
| പി. പി. ഷിജു, ഭരണസമിതിയംഗം | | പരുത്തിവിള ചൂരക്കുഴി, അയിര പി.ഒ. |
| ഷിനോജി, ഭരണസമിതിയംഗം | | തിരുവാതിര, ശാന്ത സദനം, ചെങ്കവിള, അയിര പി.ഒ. |
| ഹാജികുമാർ വി, ഭരണസമിതിയംഗം | | എൻ.വി.റ്റി. ബിൽഡിംഗ്സ്, ചെങ്കവിള, അയിര പി.ഒ. |
| ഡി ആഗ്നസ്, ഭരണസമിതിയംഗം | | പൂവറന്തലവിള, അമ്പിലിക്കോണം, അയിര പി.ഒ. |
| സൗമ്യ വി. നായർ, ഭരണസമിതിയംഗം | | കൃഷ്ണ ജ്യോതിസ്, എറിച്ചല്ലൂർ, പ്ലാമൂട്ടുക്കട പി.ഒ. |
| മാറാടി രാജേന്ദ്രൻ നായർ, ഭരണസമിതിയംഗം | | ചെറുകുഴിക്കര മേക്കേ പുത്തൻ വീട്, കാരോട് പി.ഒ. |
| ബിന്ദു പി., ഭരണസമിതിയംഗം | | കുഴത്തലക്കൽ വീട്, കാരോട്, കാരോട് പി.ഒ. |
| എഡ്വിന് സാം സി, ഭരണസമിതിയംഗം | | ചൂരക്കാവിള വീട്, കാരോട് പി.ഒ. |

| | | |
|---|---|---|
| എം. ജോൺ, ഭരണസമിതിയംഗം | | ജിം വില്ല, കാരോട്, കാക്കവിള പി.ഒ. |
| വിജയൻ എസ്, ഭരണസമിതിയംഗം | | തുണ്ടുവിള വീട്, പൊഴിയൂർ, പൊഴിയൂർ പി.ഒ. |
| അനിത ബി., ഭരണസമിതിയംഗം | | കെ.കെ.വിളാകം, പൊഴിയൂർ, പൊഴിയൂർ പി.ഒ. |
| പ്രമീളാ കുമാരി പി.ആർ, ഭരണസമിതിയംഗം | | പി.ആർ നിവാസ്, കാരക്കാവിള, കാക്കവിള പി.ഒ. |
| സുശീല എ, ഭരണസമിതിയംഗം | | പുതുവൽ പുത്തൻ വീട്, കുന്നിൻപുറം, ഉച്ചക്കട പി.ഒ. |
| സി. റാബി, പഞ്ചായത്ത് പ്രസിഡന്റ് | | അഴർ ഭവൻ, ഒറ്റപ്പനവിള, ഉച്ചക്കട പി.ഒ. |
| സെബാസ്റ്റ്യൻ സി, ഭരണസമിതിയംഗം | | ഷൈജു ഭവൻ, പാണം വിളാകം, കാരോട് പി.ഒ. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2025/05 തീയതി : 18.12.2006 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1597/07 തീയതി :10.04.2007 | 0 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2012/07 തീയതി 11.04.2008 | 5 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/571/09 തീയതി :22.08.2009 | 2 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09 തീയതി :24.04.2009 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/572/09 തീയതി :24.04.2009 | 6 | |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/11<br>തീയതി : 25.01.2012 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1193/2011<br>തീയതി :25.01.2012 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1916/13<br>തീയതി :15.11.2013 | 16 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/386/15<br>തീയതി :19.04.2016 | 12 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/952/16 തീയതി :02.07.16 / 11.08.16 | 12 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ന്യൂനതകൾ

1. എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുടെ ഇ.എഫ്.എം.എസ് വരവ് 34585000/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ ഇത് 35815000/- രൂപയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. സ്ഥാപനത്തിന്റെ ആസ്തികളുടെ പൂർണ്ണമൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.
3. വർഷാന്ത്യ സ്റ്റോക്ക് മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്